# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1691** | **04.12.2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | വീടില്ലാത്തവർക്കായി വീട് നൽകുന്ന ലൈഫ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | എ | 1. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തിയാകുന്ന ഘടക പ്രകാരം 54,036 വീടുകളിൽ 49,016 വീടുകൾ പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതരായ 1,84,255 പേരിൽ 78,565 പേർ അർഹരാണ് എന്ന് കണ്ടെത്തുകയും 59,600 പേർ കരാർ വെക്കുകയും 354 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു ഭവന സമുച്ചയം വീതം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. |
| ബി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ലിസ്റ്റനുസരിച്ച് എത്രപേർക്കാണ് ലൈഫ് പദ്ധതി പ്രകാരം വീടും സ്ഥലവും നൽകേണ്ടതെന്ന് ഇനം തിരിച്ച് അറിയിക്കാമോ; | ബി | 2. ലൈഫ് മിഷന് വേണ്ടി കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് നടത്തിയ സർവ്വേ പ്രകാരം 3,36,294 പേരെ ഭൂരഹിത ഭവനരഹതരായി ക ണ്ടെത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ച് അന്തിമമാക്കിയാൽ മാത്രമേ യഥാർത്ഥ കണക്കുകൾ വ്യക്തമാകുകയുള്ളു. |
| സി | ഇപ്പോഴെടുത്ത സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് എത്ര വർഷം കൊണ്ടാണ് വീട് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി | 3. 2020-21 ന് ഈ പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ